LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് ഓഫീസ്

83 (1787) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനായി വഴുവാടി L.P. സ്കൂൾ നിലനിന്നിരുന്ന മാവേലിക്കര താലൂക്കിൽ തഴക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ-5-ൽ റിസർവ്വേ 30/7-ൽപ്പെട്ട 11.25 ആർ വിസ്തീർണ്ണമുള്ള റവന്യൂ പുറമ്പോക്ക് ഭൂമി എക്സൈസ് വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്

84 (1788) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ താലൂക്ക് ഓഫീസ് പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ചാലക്കുടിയിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ആതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ ഒരു എക്സൈസ് റെയ്ഞ്ച് ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി ഉൾപ്പെടെ പുതുതായി പ്രഖ്യാപിച്ച 12 താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ആതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയ്ഞ്ചാഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.